**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 799** **30.10.2019-ൽ മറുപടിയ്ക്ക്**

## അംബേദ്കർ സെറ്റിൽമെന്റ് പദ്ധതികൾ

**ചോദ്യം** **മറുപടി**

**ശ്രീ.സി.കൃഷ്ണൻ**

**എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിൽ അംബേദ്കർ ഗ്രാമം, അംബേദ്കർ സെറ്റിൽമെന്റ് എന്നീ പദ്ധതികളിൽ അനുവദിച്ച നാല് പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ; | എ) | പയ്യന്നൂർ നിയോജകമണ്ഡലത്തിലെ മാടക്കാംപൊയിൽ, കാരന്തോട് കോളനി എന്നീ പട്ടികജാതി കോളനികളെ അംബേദ്കർ ഗ്രാമം പദ്ധതിയിൽ (2016-17) തെരഞ്ഞെടുത്തിരുന്നു. 2019 ഡിസംബറിനകം ടി പദ്ധതി പൂർത്തീകരിക്കുമെന്ന് നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.<br>പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പട്ടുത്തുവയൽ, എയ്യങ്കല്ല് എന്നീ പട്ടികവർഗ്ഗ കോളനികളെ 2017-18 വർഷത്തെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. പദ്ധതിയുടെ ഡി.പി.ആർ രണ്ട് തവണ നിർവ്വഹണ ഏജൻസി സമർപ്പിച്ചെങ്കിലും തിരുത്തലുകൾ ഉള്ളതിനാൽ ഡി.പി.ആർ തിരികെ നൽകിയിരുന്നു. തിരുത്തലുകൾ വരുത്തിയ ഡി.പി.ആർ ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ബി) | പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ; | ബി) | പട്ടികജാതി കോളനികളുടെ നിർവ്വഹണ ഏജൻസി കണ്ണൂർ ജില്ലാ നിർമ്മിതി കേന്ദ്രവും, പട്ടികവർഗ്ഗ കോളനികളുടെ നിർവ്വഹണ ഏജൻസി ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, തിരുവനന്തപുരവും ആണ്. |
| സി) | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | സി) & ഡി) | ഉണ്ട്.<br>അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയുടെ |

| | | | |
|---|---|---|---|
| | വ്യക്തമാക്കുമോ; | | ഡി.പി.ആർ നിർവ്വഹണ ഏജൻസി സമർപ്പിച്ചെങ്കിലും രണ്ട് തവണ ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടി വന്നതിനാലാണ് കാലതാമസം നേരിട്ടത്. പദ്ധതികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട് |
| ഡി) | ഉണ്ടെങ്കിൽ അത് പരിഹരിച്ച് പദ്ധതി പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | | |
| ഇ) | പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | ഇ) | കാലതാമസം കൂടാതെ പദ്ധതി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ